ഭരണഭാഷ -മാതൃഭാഷ

നം.വൈ(1)/90872/12/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി: 15.07.2013

പൊതുവിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഉപഡയറക്ടർ

സർ,

വിഷയം:- കേരളത്തിലെ നിയമനിർമ്മാണസഭകളുടെ 125-ാം വാർഷികത്തോടനുബന്ധിച്ച് നിയമസഭാ സെക്രട്ടറിയേറ്റ് നടത്തുന്ന അഭിരുചി പരീക്ഷ - വിദ്യാഭ്യാസ ജില്ലാതലം സംബന്ധിച്ച്.

സൂചന:-
1. ഇതേ ഫയൽ നമ്പറായ 16.04.2013, 15.06.2013 തീയതികളിലെ കത്തും, സർക്കുലറും.
2. 08.07.2013 ൽ നടന്ന വീഡിയോ കോൺഫറൻസിംഗ്.
3. 18.07.2013 ൽ ഈ ആഫീസിൽ നിന്നും എൻഡോഴ്മെന്റ് നടത്തി നൽകിയ 4551/ട്രെയിനിംഗ്/2012/ലെജി. നമ്പറായ നിയമസഭാ സെക്രട്ടറിയേറ്റിന്റെ കത്ത്.

................

സൂചനകൾ പ്രകാരം കേരളത്തിലെ നിയമനിർമ്മാണസഭകളുടെ 125-ാം വാർഷികത്തോടനുബന്ധിച്ച് നിയമസഭാ സെക്രട്ടറിയേറ്റ് നടത്തുന്ന അഭിരുചി പരീക്ഷയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള അറിയിപ്പുകൾ നൽകിയിരുന്നു.

20.07.2013 ൽ നടക്കുന്ന വിദ്യാഭ്യാസ ജില്ലാതല പരീക്ഷയിൽ പരമാവധി സ്ക്കൂളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനുള്ള (സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഉൾപ്പെടെ) പ്രവർത്തനങ്ങൾ ജില്ലാവിദ്യാഭ്യാസ ആഫീസർമാർ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിദ്യാഭ്യാസ ജില്ലാതല പരീക്ഷാ നടത്തിപ്പ് സുഗമമാക്കുന്നതിനുവേണ്ടി തങ്ങളുടെ പരിധിയിൽ വരുന്ന സാമൂഹ്യ ശാസ്ത്രക്ലബ് അസോസിയേഷൻ ഉപജില്ലാസെക്രട്ടറിമാരുടെ ഒരു മീറ്റിംഗ് 16.07.2013 ൽ നടത്തുന്നതിന് ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും, പരീക്ഷ വിജയകരമായി പൂർത്തിയാക്കുന്നതിന് ജില്ലാവിദ്യാഭ്യാസ ആഫീസർമാരെ സഹായിക്കുന്നതിന് ഉപജില്ലാസെക്രട്ടറിമാർക്കും, ഉപജില്ലാസെക്രട്ടറിമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി റവന്യൂ ജില്ലാസെക്രട്ടറിമാർക്കും വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്: എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും.